പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1367 02.05.2017-ലെ മറുപടിക്ക്

## കെ.എസ്.ആർ.റ്റി.സി. ജീവനക്കാരുടെ വായ്പാ വിഹിതം

ചോദ്യം
ശ്രീ. അബ്ദുൽ ഹമീദ് പി.

ഉത്തരം
തോമസ് ചാണ്ടി
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.റ്റി.സി. ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും പിടിക്കുന്ന വായ്പാ വിഹിതം ധനകാര്യ സ്ഥാപനത്തിൽ അടക്കാത്തതിനാൽ ധനകാര്യ സ്ഥാപനങ്ങൾ ജീവനക്കാർക്ക് ജപ്തി നോട്ടീസുകൾ അയച്ചതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടിയെന്തെന്ന് വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്.<br>ജപ്തി നടപടികൾക്ക് നോട്ടീസ് കിട്ടിയ ജീവനക്കാർ അപേക്ഷ നൽകിയതനുസരിച്ച് അവരുടെ റിക്കവറി തുകകൾ അതാത് ധനകാര്യ സ്ഥാപനങ്ങളിലേയ്ക്ക് കൈമാറിയിട്ടുണ്ട്.<br>ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും 2015 ആഗസ്റ്റ് മാസം മുതൽ 2017 ഫെബ്രുവരി മാസം വരെ റിക്കവറി ചെയ്ത തുകയും (നോൺ-ഡിപ്പാർട്ട്മെന്റൽ റിക്കവറി തുക) എൽ.ഐ.സി.യിലേക്ക് ഒടുക്കുന്നതിനായി 2016 സെപ്റ്റംബർ മാസം മുതൽ 2017 ഫെബ്രുവരി മാസം വരെ റിക്കവറി ചെയ്ത തുകയും ഉൾപ്പെടെ ആകെ 22.26 കോടി രൂപ. സാമ്പത്തിക പ്രതിസന്ധി മൂലം അതത് ധനകാര്യ സ്ഥാപനങ്ങളിൽ ഒടുക്കാൻ സാധിച്ചിട്ടില്ല. ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും റിക്കവറി ചെയ്ത 2017 മാർച്ച് മാസത്തെ റിക്കവറി തുക, കെ.എസ്.ആർ.ടി.സി. ഒടുക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | വായ്പാവിഹിതം തിരിച്ചടക്കാതിരുന്നതിന് ഉത്തരവാദികളായ വ്യക്തികൾക്കെതിരെ നിയമ നടപടി സ്വീകരിക്കുമോ? | (ബി) | വായ്പാവിഹിതം തിരിച്ചടയ്ക്കാതിരുന്നതിൽ ഉത്തരവാദികൾ ഏതെങ്കിലും വ്യക്തികളല്ല, കെ. എസ്. ആർ. ടി. സി. യിലെ കടുത്ത സാമ്പത്തിക പ്രതിസന്ധിയായിരുന്നു കാരണം. ആയതിനാൽ വ്യക്തികൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുക എന്നത് അപ്രസക്തമാണ്. |

**സെക്ഷൻ ഓഫീസർ**